# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM-P7/2217/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-KLM-P7/2217/2023 തീയ്യതി: 28/12/2023

## കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 30-12-2022 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2023 | 18-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-12-2023 | 18-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ഐസക്ജോൺ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി റ്റി സിന്ധു,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി.ജി,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗീസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രാകേഷ് എം,,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എൽ. ജലജാകുമാരി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അജിത്ത്.എസ്.എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സതി ഒ എസ് | അസി.സെക്രട്ടറി | 01-04-2022 | 04-11-2022 |
| ശ്രീമതി.അമ്പിളി എ സി | അസി.സെക്രട്ടറി | 05-11-2022 | 31-03-2023 |
| ശ്രീമതി.അനുഷ്ക എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അശ്വതി ആർ എസ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. രശ്മി എസ്സ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ സാബു ആൽബർട്ട് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി മാലജ സി എൽ | എച്ച്.എം | 01-04-2022 | 31-03-2023 |
| ശ്രീമതി രമ്യ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 10-01-2023 |
| ശ്രീമതി.ആഷിയോ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11-01-2023 | 31-03-2023 |
| ഡോ നിസാ ബി ലാൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2022 | 02-01-2023 |
| ഡോ.ശ്യാംമോഹൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 03-01-2023 | 28-01-2023 |
| ഡോ മനു മുരളി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 29-01-2023 | 10-02-2023 |
| ഡോ ട്രീസ ലീൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 11-02-2023 | 28-02-2023 |
| ഡോ.ശ്യാംമോഹൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-03-2023 | 31-03-2023 |
| ഡോ.ദിലീപ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 18-04-2022 |
| ഡോ ബിന്ദു എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 19-04-2022 | 31-03-2023 |
| ഡോ. ബീന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ. സുജിത്ത്.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 18-11-2022 |
| ശ്രീമതി. ദിവ്യ ജി വി | അസിസ്റ്റന്റ് എൻജിനീയർ | 19-11-2022 | 31-03-2023 |
| ശ്രീമതി. ശോഭന ഉപേന്ദ്ര നാഥ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-10-2022 |
| ശ്രീമതി ജൂഡിറ്റ് ദാസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-11-2022 | 31-03-2023 |
| ഡോ. അനിൽകുമാർ കെ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. നൗഫിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-8 |
| 10 | നിക്ഷേപ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-1-9 |
| 11 | ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകകൾ അഡ്വാൻസ് ടു അദേർസ് എന്ന ഹെഡിൽ ചേർത്തിട്ടില്ല. | 1-1-10 |
| 12 | ട്രഷറിയിൽ നിന്നും മാറാത്ത ബില്ലുകൾ വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി കാണിച്ചിരിക്കുന്നു, | 1-1-11 |
| 13 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-12 |
| 14 | ചെലവ് തുക വൗച്ചർ തെറ്റായി രേഖപ്പെടുത്തി. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് മേഖല തെറ്റായി ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിക്കുന്നു. | 1-11 |
| 25 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 26 | ലേലം ഇനത്തിൽ തുക ഈടാക്കുവാൻ അവശേഷിക്കുന്നു. | 1-13 |
| 27 | തനത് വരുമാനം - അവലോകനം | 1-14 |
| 28 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-15 |
| 29 | ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല. | 1-16 |
| 30 | എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം-മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് | 1-17 |
| 31 | സ്വകാര്യ ഭൂമിയിലെ പാറക്കെട്ട് പൊളിക്കൽ - തുക തിരികെ ഈടാക്കിയില്ല | 1-18 |
| 32 | ഫെസ്റ്റിവൽ അഡ്വാൻസ്-തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു | 1-19 |
| 33 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണം - അംഗീകൃത ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി | 1-20 |
| 34 | ക്ഷീരകർഷകർക്ക് വൈക്കോൽ വിതരണം - അപാകതകൾ | 1-21 |
| 35 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 36 | നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല. | 1-23 |
| 37 | ഞങ്ങളും കൃഷിയിലേയ്ക്ക് വനിത സംയുക്തപദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-24 |
| 38 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-25 |
| 39 | ആർ-ട്രാക്ക് റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തീകരിച്ചില്ല | 1-26 |
| 40 | MGNREGS- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി.-2% റ്റി.ഡി.എസ്. ആയി കുറവ് ചെയ്തിട്ടില്ല. | 1-27 |
| 41 | ഇ-ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം. | 1-28 |
| 42 | പൈപ്പ് ലൈൻ ടെഞ്ചിംഗിനു മീതെ റോഡ് മെയിന്റനൻസ്- റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാൻ നടപടി സ്വീകരിക്കണം. | 1-29 |
| 43 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 44 | ഹരിത കർമ്മസേന അവലോകനം | 1-31 |

| | | |
|---|---|---|
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണം - അംഗീകൃത ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി | 3-1 |
| 2 | എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം-മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് | 3-2 |
| 3 | ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് ജൈവവളം വാങ്ങി വിതരണം ചെയ്തു | 3-3 |
| 4 | ക്ഷീരകർഷകർക്ക് വൈക്കോൽ വിതരണം - അപാകതകൾ | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 02-07-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 3-07-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം**

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

റേഷ്യോസ്.

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

Net Cash Generated By Operating And Investing, Financing - 1,00,14,920/-രൂപ.

Net Increase /Decrease In Cash And Cash Equivalence = (-) 2,17,78,717/-രൂപ.

### 1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ ചെലവുകൾ :-
വാർഷികകണക്കുകൾ പ്രകാരം 35,63,886/-രൂപ.
സുലേഖ സ്റ്റേറ്റ്മെന്റ്, ബിൽ രജിസ്റ്റർ പ്രകാരം 48,23,886/-രൂപ.

### 1-1-5 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വാടക രജിസ്റ്റർ, ലേല രജിസ്റ്റർ.

**1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

ആസ്തി രജിസ്റ്റർ

**1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

**1-1-8 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.**

320800199 – Other Grants Funds & Contributions For Specific Purposes-capital എന്ന ഹെഡിൽ ചേർത്തിരുന്ന 17,43,760/-രൂപ ജേണൽ വൗച്ചർ പ്രകാരം ചെലവായി കാണിച്ചിരിക്കുന്നതിന്റെ ഫയൽ വിവരങ്ങൾ ലഭ്യമല്ല.

**1-1-9 നിക്ഷേപ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.**

നിക്ഷേപ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. മറ്റുള്ളവ എന്ന പേരിൽ ചേർത്തിരിക്കുന്ന 13,500/-രൂപ സംബന്ധിച്ച ഒരു രേഖകളും ഹാജരാക്കിയിട്ടില്ല.

**1-1-10 ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകകൾ അഡ്വാൻസ് ടു അദേർസ് എന്ന ഹെഡിൽ ചേർത്തിട്ടില്ല.**

ഡെപ്പോസിറ്റ് വർക്കിനായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകകൾ (21,09,800/-രൂപ) അഡ്വാൻസ് ടു അദേർസ് എന്ന ഹെഡിൽ ചേർത്തിട്ടില്ല.

**1-1-11 ട്രഷറിയിൽ നിന്നും മാറാത്ത ബില്ലുകൾ വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി കാണിച്ചിരിക്കുന്നു,**

ട്രഷറിയിൽ നിന്നും മാറാത്ത ബില്ലുകൾ വെബ് സാംഖ്യാ എ.സി.ആറിൽ ചെലവായി കാണിച്ചിരിക്കുന്നു,

| Allotment Number | Project | Amount (₹) | Fund |
|---|---|---|---|
| 641/27-3-23 | Goat Rearing Women 220/23 | 2,25,000/- | Developement Fund General |
| 714/30-3-23 | 186/ Life House Construction | 8,50,000/- | |
| 717/30-3-23 | 186/ Life House Construction | 4,30,000/- | |
| 716/30-3-23 | 191/ Life Land Purchase | 2,00,000/- | |
| 698/30-3-23 | Study Room SCP | 50,000/- | Developement Fund SCP |
| 712/30-3-23 | House Upgradation SC | 25,000/- | Developement Fund SCP |
| 713/30-3-23 | 189/ Life Land Purchase | 2,25,000/- | Developement Fund SCP |
| 727/31-3-23 | 204/ Marriage Assistance SCP | 1,25,000/- | Developement Fund SCP |
| 728/31-3-23 | 206/ Scholarship | 20,000/- | Developement Fund SCP |

**1-1-12 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

Capital Expenditure ആയുഷ് എന്ന പേരിൽ വരവു വന്ന 9,50,000/- (5,00,000/-+4,50,000/-) രൂപ ചെലവാകാതെ ചെലവായി കാണിച്ച് ലയബിലിറ്റി കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.

**1-1-13 ചെലവ് തുക വൗച്ചർ തെറ്റായി രേഖപ്പെടുത്തി.**

സംയുക്ത പ്രോജക്ടിനായി വരവു വന്ന 11,000/- രൂപയുടെ ചെലവു വിവരങ്ങൾ പ്രസ്തുത ഹെഡിൽ ലഭ്യമാക്കിയില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയുടെ ചെലവു തുക എ.സി.ആറും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

യഥാർത്ഥ ചെലവു തുക – 1,71,84,385/-രൂപ.

എ.സി.ആർ. വാർഷിക കണക്കുകൾ പ്രകാരമുള്ള തുക - 1,71,84,352/-രൂപ.

**1-2 ബജറ്റ്**

24-3-22 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 02/02/23 ലെ 1 തീരുമാനപ്രകാരവും അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 10,52,42,091.63 രൂപ |
| വരവ് | 13,18,35,242/-രൂപ |
| ആകെ | 23,70,77,333.63 രൂപ |

| | |
|---|---|
| ചെലവ് | 15,36,13,959/-രൂപ |
| നീക്കിയിരിപ്പ് | 8,34,63,374.63 രൂപ |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 37,209/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 38,90,987/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 3,80,35,800/- | 3,80,35,800/- | 3,55,87,055/- | 24,48,745/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,44,25,000/- | 1,44,25,000/- | 1,39,60,617/- | 4,64,383/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ട്രഷറി | 0 | 66,02,204/- | 66,02,204/- | 40,80,408/- | 25,21,796/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ട്രഷറി | 0 | 16,56,367/- | 16,56,367/- | 9,31,387/- | 7,24,980/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ബാങ്ക് | 32,16,490/- | 71,48,580/- | 1,03,65,070/- | 60,16,979/- | 43,48,091/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ബാങ്ക് | 92,19,777/- | 96,35,000/- | 1,88,54,777/- | 61,55,578/- | 1,26,99,199/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 1,06,53,000/- | 1,06,53,000/- | 57,41,256/- | 49,11,744/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 1,02,74,000/- | 1,02,74,000/- | 59,23,622/- | 43,50,378/- |
| റ്റി.എസ്.സി | 71,04,797/- | 2,05,065/- | 73,09,862/- | 3,51,510/- | 69,58,352/- |
| ഐസിഡിഎസ് | 0 | 35,24,950/- | 35,24,950/- | 16,41,069/- | 18,83,881/- |
| എംജിഎൻആർഇജിഎസ് | 4,716/- | 10,03,591/- | 10,08,307/- | 10,00,880/- | 7,427/- |
| വിദ്യാസഹായി | 6,52,000/- | 0 | 6,52,000/- | 0 | 6,52,000/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 20,00,000/- | 16,80,000/- | 36,80,000/- | 35,63,886/- | 1,16,114/- |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 1,36,927/- | 1,36,927/- | 0 | 1,36,927/- |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 2,68,340/- | 2,68,340/- | 26,486/- | 2,41,854/- |
| ആദർ സ്കീം | 1,95,121/- | 5,962/- | 2,01,083/- | 2,00,000/- | 1,083/- |
| ആദർലയബിലിറ്റി | 9,67,400/- | 10,301/- | 9,77,701/- | 0 | 9,77,701/- |
| അദർ എജൻസി ഫണ്ട് | 13,96,621/- | - | 13,96,621/- | 0 | 13,96,621/- |
| പൈക്ക | 87,413/- | 2,384/- | 89,797/- | 0 | 89,797/- |
| ക്യാപിറ്റൽ-ആയുർവേദം | 0 | 4,50,000/- | 4,50,000/- | 0 | 4,50,000/- |
| ക്യാപിറ്റൽ -ഹോമിയോ | 0 | 5,00,000/- | 5,00,000/- | 0 | 5,00,000/- |
| ശുചിത്വമിഷൻ | 0 | 2,30,000/- | 2,30,000/- | 2,30,000/- | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 366 | 39,42,25,907/- | 301 | 14,94,33,994/- | 35 | 30 | 82% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,716/- | 10,03,591/- | 10,08,307/- | 10,00,880/- | 7,427/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,74,15,547/- | 3,74,15,547/- | 3,74,15,547/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | 0/- |
| കർഷകതൊഴിലാളി പെൻഷൻ | 34,40,600/- |
| വിധവാ പെൻഷൻ | 2,85,83,000/- |
| വാർദ്ധക്യകാല പെൻഷൻ | 4,24,87,800/- |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പെൻഷൻ | 98,80,700/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 4,80,000/- |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2,41,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-12-2023 2.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35992/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വരവുകൾ ILGMS രസീതി നൽകി സ്വീകരിക്കുന്നു. ഗുണഭോക്തൃ വിഹിതം, ഔട്ട്ഡോർ കളക്ഷൻ എന്നിവ പിരിക്കുന്നതിന് രസീത് ബുക്കുകൾ ഉപയോഗിക്കുന്നു. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ILGMS വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകൾ ജല അതോറിറ്റിയുടെ ആവശ്യത്തിനായി പൊളിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ റിസ്റ്റൊറേഷൻ ചാർജ് ഈടാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പുതിയ ആസ്തികൾ ഉൾപ്പെടുത്തി യഥാസമയം കാലികമാക്കുന്നില്ല. വസ്തുനികുതി, വാടക ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം വൻതുകകൾ ഈടാക്കുവാൻ അവശേഷിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/11/2022 | 7/2022 മുതൽ 9/2022 വരെ | 15-11-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-12-2017 | 2012-2013 മുതൽ 2016-17 വരെ | 15-02-2018 |

## 1-11 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് മേഖല തെറ്റായി ഉൾപെടുത്തി നികുതി ഇളവ് അനുവദിക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവും തൃതീയ മേഖലയിൽ ഉൾപ്പെടുത്തി 20 ശതമാനം ഇളവും നൽകിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിൽ പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണെന്നും പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ അനുവദനീയമല്ലെന്നും, ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് 19-12-2011 ലെ കമ്മറ്റി തീരുമാനപ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും പല കെട്ടിടങ്ങൾക്കും തെറ്റായ രീതിയിലാണ് വസ്തുനികുതി നിർണ്ണയിച്ച് നല്കിയത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്റർ | ഉപയോഗ ക്രമം | നിരക്ക് (₹) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) | ദ്വിതീയ മേഖല അടിസ്ഥാനത്തിൽ 10 % കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) | തൃതീയ മേഖല അടിസ്ഥാനത്തിൽ 20% കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|---|---|
| 1 | 14 | 867 | 83 | പാർപ്പിടം | 5/- | 415/- | - | 83/- |
| 2 | 14 | 967 | 103.67 | പാർപ്പിടം | 5/- | 518.35/- | 51.8/- | - |
| 3 | 14 | 969 | 103.4 | പാർപ്പിടം | 45/- | 517/- | 51.7/- | - |
| 4 | 14 | 997 | 135.4 | പാർപ്പിടം | 5/- | 677/- | 67.7/- | - |
| 5 | 6 | 962 | 99 | പാർപ്പിടം | 5/- | 495/- | 49.5/- | - |
| 6 | 6 | 462a | 184.7 | പാർപ്പിടം | 5/- | 923/- | 92/- | - |
| 7 | 6 | 607a | 9 | വാണിജ്യം | 45/- | 405/- | 40.5/- | - |
| 8 | 12 | 1113 | 132.72 | പാർപ്പിടം | 5/- | 663/- | 66.3/- | - |
| 9 | 13 | 1237 | 318.78 | പാർപ്പിടം | 5/- | 997.65/- | 99.7/- | - |

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/18.12.23) മറുപടി ലഭ്യമാക്കിയില്ല. തെറ്റായ മേഖല അനുവദിച്ച് നടത്തിയ വസ്തുനികുതി നിർണ്ണയം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 20/18.12.23.**

**1-12 വാടക ഈടാക്കാൻ അവശേഷിക്കുന്നു.**

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നല്കിയ ഇനത്തിൽ 2022-23 ലെ വാർഷിക കണക്ക് പ്രകാരം ആകെ 18,17,023/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. ഇതിൽ തൻവർഷത്തെ കുടിശ്ശിക 9,62,773/- രൂപയും (വാടക രജിസ്റ്റർ പ്രകാരം തൻവർഷത്തെ കുടിശ്ശിക 6,92,079/- രൂപ മാത്രമാണ്. ആയതിൽ നാളിതുവരെ 62,559/- രൂപ പിരിച്ചെടുത്തതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്) 2021-22 വരെയുള്ള കുടിശ്ശിക 8,54,250/- രൂപയുമാണ്. മുൻവർഷങ്ങളിലെ കുടിശ്ശികയുടെ കൃത്യമായ വിവരം രജിസ്റ്റർ പ്രകാരം ലഭ്യമല്ല. തൻവർഷത്തെ നിലവിലെ കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക (₹) |
|---|---|---|---|
| 1 | ഫസ്റ്റ് ഫ്ലോർ റൂം നമ്പർ- 4 | ശ്രീ. മുഹമ്മദ് അൻസർ | 2,49,948/- |
| 2 | ഡബിൾ ഷട്ടർ മാർക്കറ്റ്- സ്റ്റാൾ-4 | ശ്രീ. മുഹമ്മദ് അൻസർ | 2,01,564/- |
| 3 | സിങ്കിൾ ഷട്ടർ മാർക്കറ്റ്- സ്റ്റാൾ- 1 | ശ്രീ. ആസാദ് | 73,200/- |
| 4 | ന്യൂ സ്റ്റാൾ നം. 2 | ശ്രീ. രാധാകൃഷ്ണൻ | 21,888/- |
| 5 | ന്യൂ സ്റ്റാൾ നം. 4 | ശ്രീമതി സുഹ്റ ബീവി | 72,720/- |
| 6 | ന്യൂ സ്റ്റാൾ നം. 6 | ശ്രീമതി റസീന എസ് | 10,200/- |
| | | ആകെ | 6,29,520/- |

മുൻവർഷങ്ങളിലെ വാടക കുടിശ്ശിക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം ലഭ്യമല്ല. കൂടാതെ വാടക രജിസ്റ്റർ പ്രകാരമുള്ള തൻവർഷത്തെ കുടിശ്ശികയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഈ അപാകങ്ങൾ ചൂണ്ടികാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/18.12.23) സാംഖ്യ നടപ്പാക്കിയപ്പോൾ സംഭവിച്ച പിഴവ് മൂലമാണ് മുൻവർഷങ്ങളിൽ ഇത്രയും കുടിശ്ശിക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടു വന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കി ഈടാക്കുവാൻ അവശേഷിക്കുന്ന മുഴുവൻ തുകയും നിയമാനുസൃത നികുതിയും പലിശയും സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 19/18.12.23.**

**1-13 ലേലം ഇനത്തിൽ തുക ഈടാക്കുവാൻ അവശേഷിക്കുന്നു.**

ലേല രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ലേലം ഇനത്തിൽ തുക ഒടുക്കുവാൻ അവശേഷിക്കുന്നു. കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

A. **കണ്ണനല്ലൂർ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്**

**ഈടാക്കാൻ അവശേഷിക്കുന്ന തുക (തൻവർഷം- 1,65,000/-രൂപ)**

ലേലം കൊണ്ട വ്യക്തി - ശ്രീ. ആസാദ്. എ

ലേല തുക - 5,00,000/- രൂപ

അടവാക്കിയ തുക – 3,35,000/- + G.S.T-(45000+45000) + E.M.D.-25,000/-

**മുൻ വർഷങ്ങളിലെ കുടിശ്ശിക - 1,39,000/-രൂപ**

ലേലം കൊണ്ട വ്യക്തി- ശ്രീ. ഖരീം, പാലോട്ടു തെക്കതിൽ, കണ്ണനല്ലൂർ

ലേല തുക- 2,52,000/- രൂപ

അടവാക്കിയ തുക – 1,13,000/- + G.S.T-(5670+5670) + E.M.D.-25,000/-

B. **കണ്ണനല്ലൂർ പബ്ലിക് കംഫർട്ട് സ്റ്റേഷൻ**

**ഈടാക്കാൻ അവശേഷിക്കുന്ന തുക (തൻവർഷം- 42,700/-)**

ലേലം വിജയിച്ച വ്യക്തി- ശ്രീ.ബഷീർ, നെടുവിള വീട്, കണ്ണനല്ലൂർ

ലേല തുക - 65,000/- രൂപ

അടവാക്കിയ തുക – 22,300/- + G.S.T- Nil + E.M.D. - 5,000/-

**മുൻ വർഷങ്ങളിലെ കുടിശ്ശിക - 5,000/-**

ലേലം വിജയിച്ച വ്യക്തി- ശ്രീ. ബഷീർ, നെടുവിള വീട്, കണ്ണനല്ലൂർ

ലേല തുക- 19,000/- രൂപ

അടവാക്കിയ തുക – 14,000/- + G.S.T- Nil + E.M.D. - 5,000/-

മേൽ പരാമർശിച്ച വ്യക്തികളിൽ നിന്നും വാടക കുടിശ്ശികയും, ജി.എസ്.ടി.യും പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-14 തനത് വരുമാനം - അവലോകനം**

വസ്തുനികുതി പരിഷ്കരണ നടപടികൾ

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻവർഷം പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ടെങ്കിലും അതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിൽ മാത്രമാണ്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023 /തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി വിവിധതരം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

4. ഫീൽഡ്തല പരിശോധനകൾ

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ്

നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലർ RB3/178/2020 ത.സ്വ.ഭ.വ. തീയതി 20/06/22 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടില്ല.

വസ്തുനികുതി രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ്‌വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ നാമമാത്രമായ വ്യത്യാസം മാത്രമാണുള്ളത്.

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ക്രമവത്കരണം സംബന്ധിച്ച അപേക്ഷകളിലെ തീർപ്പാക്കലും പുരോഗതിയും പരിശോധിക്കാൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നില്ല.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്വയംതൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

**വാടക**

വാടക ഈടാക്കാൻ അവശേഷിക്കുന്നു.

**1-15 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.**

താഴെ പറയുന്ന ഗുണഭോക്താക്കൾ വിവിധ ഗഡുക്കളായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

| പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവിന്റെ പേര് (ശ്രീ./ശ്രീമതി) | നാളിതുവരെ കൈപ്പറ്റിയ തുക (₹) |
|---|---|---|
| ലൈഫ് മിഷൻ പദ്ധതി എസ്.സി. 78/23 | ലീല, പണയിൽ വീട്, വെട്ടിലത്താഴം | 2,00,000/- |
| | മുരുകൻ, മുരുകവിലാസം, കുറുമണ്ണ | 2,00,000/- |
| ലൈഫ് എസ്.സി. 174/23 | ശ്യാമള, നികുൽ നിവാസ് | 3,50,000/- |
| | അനു, അനുഭവനം | 3,50,000/- |
| | വത്സല, തൊടിയിൽ പുത്തൻ വീട് | 3,50,000/- |
| | ആതിര മോൾ, വയലിൽ പുത്തൻ വീട് ജാനകിമന്ദിരം | 2,00,000/- |
| | വിഷ്ണു, വിനീഷ് ഭവൻ, കുരിപ്പള്ളി | 3,50,000/- |
| | സജിത്ത്, മോരിവിള, ചെറിയേല | 3,50,000/- |
| | സിന്ധു, കൃഷ്ണഭവൻ, തൃക്കോവിൽ വട്ടം | 2,00,000/- |
| | സുധർമ്മ, പണയിൽ വീട് | 3,50,000/- |
| ലൈഫ് ഭവനനിർമ്മാണം 186/23 | ദീപ, ജയവിലാസം, പാങ്കോണം | 3,50,000/- |
| | കുമാരിയമ്മ, കൊല്ലന്റയ്യത്ത് മേലതിൽ | 3,50,000/- |
| | സലീന, സുനിതാ മൻസിൽ | 40,000/- |
| | റീജാ മനോജ്, റീനാ നിവാസ് | 40,000/- |
| | രാജേഷ്, ചരുവിള വീട് | 3,00000/- |
| | ഷെഹിന, ദിയാ മൻസിൽ | 3,00,000/- |
| | അനി, കാഞ്ഞിരംവിള വീട് | 1,40,000/- |
| | റംലാ ബീവി, കൊച്ചക്കാടത്ത് വീട് | 1,40,000/- |
| | ഉഷാ, കൃഷ്ണഭവനം | 2,00,000/- |
| | ബേബി വയലിൽ പുത്തൻവീട്, പേരയം | 3,00,000/- |
| | രഞ്ജു, സുൾഫി മൻസിൽ | 1,40,000/- |
| | ഓമനയമ്മ, കുമ്പളം വിള | 1,40,000/- |
| | ഷീല. എസ്. കുമാർ, ശ്രീനിലയം | 1,50,000/- |
| | അനീഷാ ബീവി, മുണ്ടന്റഴികം | 2,00000/- |
| | ഉഷാ കുമാരി, ഉഷാഭവനം | 2,60,000/- |
| | ലതിക കുമാരി, സരിതാ മന്ദിരം | 2,00,000/- |

മേൽ വ്യക്തികളെ കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 12/18-12-23.**

**1-16 ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയില്ല.**

ഭവന പുനരുദ്ധാരണം പദ്ധതി വഴി അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ഗുണഭോക്താവിന്റെ പേര് (ശ്രീ./ശ്രീമതി) | കൈപ്പറ്റിയ തുക (₹) | ബിൽ നമ്പർ |
|---|---|---|---|
| 214/ ഭവനപുനരുദ്ധാരണം എസ്.സി. | മധു, ചരുവിള പുത്തൻ വീട് | 25,000/- | 20/21-1-23 |
| | യശോദ, ചരുവിള വീട് | 25,000/- | 28/22-2-23 |
| 173/23 ഭവനപുനരുദ്ധാരണം (ജനറൽ) | സുധീഷ്, ശങ്കരവിലാസം | 20000/- | |
| 215 ഭവനപുനരുദ്ധാരണം (ജനറൽ) | വൽസല | 25000/- | |
| | മല്ലിക | 25,000/- | |
| | റോസമ്മ | 25,000/- | |
| | രഞ്ജു | 25,000/- | |

പ്രസ്തുത വ്യക്തികളെ കൊണ്ട് ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പണി പൂർത്തിയാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 11/18-12-2023.**

**1-17 എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം-മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്**

പ്രോജക്ട് നം-248
തനത് ഫണ്ട് അടങ്കൽ – 50,000/-രൂപ
ചെലവ്-10,400/-രൂപ
ചെക്ക് നം. 8802/20-3-23, 8621/30-3-23

2022-23 ൽ ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതിയാണ് സ്കൂൾ കുട്ടികൾക്ക് യോഗപരിശീലനം. പ്രസ്തുത പ്രോജക്ടിൽ മുഖത്തല ഗവ. എൽ.പി.എസ്. ലെ കുട്ടികളെ 2/23, 3/23 മാസങ്ങളിൽ ശ്രീമതി. ശ്രീജ എന്ന ടീച്ചറെ നിയമിച്ച് യോഗ പഠിപ്പിച്ചതിന് വേതനം നൽകിയിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ) നം. 84/22/lsgd Dtd 19-4-22 (പദ്ധതി രൂപീകരണ മാർഗരേഖ) പ്രകാരം 8-6 വിദ്യാഭ്യാസം എന്ന മേഖലയിൽ ക്രമ നം. 18 പ്രകാരം ഹയർ സെക്കന്ററി /ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗരേഖക്ക് വിരുദ്ധമായി പ്രസ്തുത പ്രോജക്ടിൽ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം നൽകിയിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടത്തിയ 10,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

**നിരാകരിക്കുന്ന തുക – 10,400/-രൂപ.**

**ഓഡിറ്റ് എൻക്വയറി നം. – 3 /15-12-23.**

**1-18 സ്വകാര്യ ഭൂമിയിലെ പാറക്കെട്ട് പൊളിക്കൽ – തുക തിരികെ ഈടാക്കിയില്ല**

പഞ്ചായത്തിലെ സ്ഥിരം താമസക്കാരിയായ ശ്രീമതി. അജിതാ വിൻസ്റ്റൻ എന്നയാളിന്റെ പരാതിയെ തുടർന്നുണ്ടായ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളിന്റെ ജീവനും സ്വത്തിനും ഭീഷണിയായ ശ്രീമതി. ഷീലാമ്മ ക്ലീറ്റസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള പാറക്കെട്ട് 24-11-2022 ലെ 4/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം പൊളിച്ച് മാറ്റാൻ നിശ്ചയിക്കുകയും ആയതിന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ എ.ഇ. യെ ചുമതലപ്പെടുത്തുകയും ചെയ്തു. എ.ഇ. തയ്യാറാക്കിയ 67,000/- രൂപയുടെ എസ്റ്റിമേറ്റ് കമ്മിറ്റി തീരുമാനം (4/1, തീ. 24-11-2022) പ്രകാരം അംഗീകരിക്കുകയും ചെയ്തു. 6-1-23 ലെ നം. 05/AE/lsgd /tkvm/23 പ്രകാരം അസി. എഞ്ചിനീയർ പാറക്കെട്ട് പൊളിച്ച് മാറ്റിയതിന്റെ ചെലവ് രേഖകൾ സമർപ്പിച്ചു. വൗച്ചർ നം. 22200990 ചെക്ക് നം. 8556 തീയതി 7/2/23 പ്രകാരം അസി. എഞ്ചിനീയർക്ക് 67,000/-രൂപ നൽകുകയും ചെയ്തു. എന്നാൽ ഫയൽ പരിശോധനയിൽ കമ്മിറ്റി തീരുമാനപ്രകാരം ടി തുക ഉടമസ്ഥനിൽ നിന്ന് ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുക തിരിച്ച് തനതുഫണ്ടിൽ അടവാക്കി വിവരം ലഭ്യമാക്കുന്നതുവരെ ഈയിനത്തിലെ 67,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. 13/18-12-2023.**

**തടസ്സപ്പെടുത്തുന്ന തുക - 67,000/-രൂപ.**

**1-19 ഫെസ്റ്റിവൽ അഡ്വാൻസ്-തുക തിരികെ ഈടാക്കാൻ അവശേഷിക്കുന്നു**

2022-23 ലെ വൗച്ചർ നം-22200494 തീ. 3/9/22 പ്രകാരം 1,00,000/-രൂപ (ചെക്ക് നം. 8453 തീ. 3/9/22) ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മാറിയിട്ടുണ്ട്. ഇതിൽ സിനിയർ ക്ലർക്കായ സമീന എ 20,000/-രൂപ അഡ്വാൻസ് എടുത്തതിൽ 4,000/-രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക തിരിച്ചടച്ച് രേഖകൾ ഹാജരാക്കുന്നതുവരെ 4,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം. 14 തീയതി 18-12-23.**

**തടസ്സത്തിൽ വക്കുന്ന തുക- 4,000/-രൂപ.**

**1-20 പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണം - അംഗീകൃത ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി**

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി, നം | പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ (74/23)SO |
| അടങ്കൽ തുക | ₹1,00,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് തുക | ₹99,639/- (വികസന ഫണ്ട് - എസ്.സി.പി)<br>ബിൽ നം. 5/17.6.22- ₹99,639/- |

പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ കൊല്ലം സിഡ്കോ സെയിൽസ് എംപോറിയം എന്ന സ്ഥാപനത്തിന്റെ മേശ - 3,488/-രൂപ, കസേര - 559/-രൂപ ടാക്സ് ഒഴികെ ആകെ 4,047/-രൂപ നിരക്ക് (4,775/-രൂപ ടാക്സ് ഉൾപ്പടെ മേശ 4,115.84/-, കസേര 659.62/-) അംഗീകരിച്ച (തീരുമാനം നം.1(3) തീയതി 10.1.22). എന്നാൽ ഇപ്രകാരം അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് പഠനോപകരണങ്ങൾ വാങ്ങിയതെന്ന് പരിശോധനയിൽ വ്യക്തമായി.

ഇൻവോയ്സ് നം. KLM/21-22/346 Dtd 27.3.22 പ്രകാരം വാങ്ങിയ നിരക്ക് ചുവടെ ചേർക്കുന്നു.

Steel Table (90x45x75cm-22G) – 3,488/-രൂപ

Steel Cushion Chair – 734/- രൂപ

ആകെ – 4,222/-രൂപ ടാക്സ് ഒഴികെ (4,982/-രൂപ ടാക്സ് ഉൾപ്പടെ)

തൻവർഷം 20 പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | അംഗീകൃത ടെണ്ടർ നിരക്ക് (₹) | വാങ്ങിയ നിരക്ക് (₹) | വ്യത്യാസം (₹) |
|---|---|---|---|
| Steel Table (90x45x75cm-22G) | 4115.84 | 4115.84 | 0 |
| Steel Cushion Chair | 659.62 | 866.12 | 206.5 |

തൻവർഷം 20 പഠനോപകരണങ്ങൾ വാങ്ങിയത് വഴി 4,130/- (20x206.5) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

അംഗീകൃത ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ പഠനോപകരണങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഈ വിവരം സിഡ്കോ സെയിൽസ് എംപോറിയത്തെ അറിയിച്ച് അധിക തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

4,130/- രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക - 4,130/- രൂപ.**

**എൻക്വയറി നം. 1/14.12.23.**

**1-21 ക്ഷീരകർഷകർക്ക് വൈക്കോൽ വിതരണം - അപാകതകൾ**

| | | |
|---|---|---|
| പ്രോജക്ട് | 223/23 (തുണകം - ക്ഷീരകർഷകർക്ക് ക്ഷീര സംഘം വഴി വൈക്കോൽ വിതരണം) | ബിൽ നം./ ചെക്ക് നം. |
| അടങ്കൽ | വികസന ഫണ്ട് - 1,00,000/-രൂപ | |
| | തനത് ഫണ്ട് - 85,000/-രൂപ | |

| | | |
|---|---|---|
| ചെലവ് | വികസന ഫണ്ട് – 1,00,000/-രൂപ (എ.സി.ആർ. പ്രകാരം) | 256/16-12-2022 – ₹33,970/-<br>300/09-01-2023 – ₹23,000/-<br>301/09-01-2023 – ₹10,500/-<br>318/12-01-2023 – ₹26,500/-<br>500/15-03-2023 – ₹6,030/- |
| | തനത് ഫണ്ട് – 85,000/-രൂപ | 8607/24-03-2023 – ₹60,000/-<br>8622/31-03-2023 – ₹25,000/- |

2022-23 ൽ ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വൈക്കോൽ വിതരണം. പ്രോജക്ട് പ്രകാരം ഒരു കിലോഗ്രാം പച്ചപ്പുല്ലിന് രണ്ട് രൂപയും ഒരു കിലോഗ്രാം വൈക്കോലിന് അഞ്ച് രൂപയും എന്ന നിരക്കിൽ ആകെ വിലയുടെ 50% ൽ നിജപ്പെടുത്തി ഒരു കർഷകന് ഒരു വർഷം പരമാവധി 7,000/-രൂപയിൽ അധികമാകാത്ത തുക ക്ഷീരസംഘത്തിൽ നിന്ന് സബ്സിഡി നൽകുകയും ടി തുക പഞ്ചായത്ത് ക്ഷീരസംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നു. എന്നാൽ തട്ടാർകോണം, കല്ലുവെട്ടാംകുഴി എന്നീ ക്ഷീര സഹകരണ സംഘങ്ങൾക്ക് പദ്ധതി ആനുകൂല്യ വിതരണം നടത്തിയതിൽ ചുവടെ വിവരിക്കുന്ന അപാകതകൾ കാണുന്നു.

1. **<u>തട്ടാർകോണം സംഘം</u>**

തട്ടാർകോണം സംഘത്തിൽ ഒരു കിലോഗ്രാമിന് എട്ട് രൂപ നിരക്കിൽ 125 കിലോഗ്രാമിന് 1,000/-രൂപ കണക്കാക്കി 50 പേർക്ക് 50,000/-രൂപയുടെ വൈക്കോൽ വിതരണം ചെയ്തിട്ടുണ്ട്. 125 കിലോഗ്രാം വീതം 50 പേർക്ക് 6250 കിലോഗ്രാം വൈക്കോൽ വിതരണം നടത്തിയതിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരം 6250 കിലോഗ്രാം വൈക്കോലിന് അഞ്ച് രൂപ നിരക്കിൽ 31,250/-രൂപ വില കണക്കാക്കി ആയതിന്റെ 50% തുകയായ 15,625/-രൂപയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ തട്ടാർകോണം സംഘത്തിന് 50 പേർക്ക് 500/-രൂപ സബ്സിഡി നിരക്കിൽ 25,000/-രൂപ നൽകി.

**അധികം നൽകിയ തുക = 25000-15625 = 9,375/-രൂപ.**

ഈ തുക പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

2. **<u>കല്ലുവെട്ടാം കുഴി സംഘം</u>**

വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 4400 Kg വൈക്കോൽ വിതരണം ചെയ്തതിന്റെ രേഖകളാണ് സമർപ്പിച്ചത്. ഒരു കിലോക്ക് 15/- രൂപ നിരക്കിലാണ് വില കണക്കാക്കിയിരിക്കുന്നത്. 66,000/-രൂപയുടെ (4400 Kg*15) വൈക്കോൽ ആണ് വിതരണം ചെയ്തത്. സംഘം വഴി വിതരണം ചെയ്ത വൈക്കോലിന്റെ ഇൻവോയ്സ് പ്രകാരം ക്ലെയിം ചെയ്തിരിക്കുന്ന തുക 4400 Kg*15 = 66,000/-രൂപ. ഇതിൽ സബ്സിഡി 20,000/-രൂപയിൽ പരിമിതപ്പെടുത്തി ക്ഷീരസംഘത്തിന് നൽകി. 22,000/-രൂപയുടെ 50% ആയ 11,000/-രൂപയാണ് സംഘത്തിന് സബ്സിഡി നൽകേണ്ടിയിരുന്നത്. ഇതു വഴി 9,000/-രൂപ അധികം നൽകി. അധികം നൽകിയ തുക നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ചെറിയേല, കണ്ണനല്ലൂർ, മൈലാപ്പൂർ, മുഖത്തല, പേരയം, തൃക്കോവിൽവട്ടം, കല്ലുവെട്ടാംകുഴി (രണ്ടാം ഘട്ടം) എന്നീ സംഘങ്ങൾ വഴി വൈക്കോൽ വാങ്ങി വിതരണം നടത്തിയതിന്റെ ഇൻവോയ്സ്, വിതരണ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ രേഖകൾ ഹാജരാക്കുന്നതുവരെ ടി സംഘങ്ങൾക്ക് ധനസഹായമായി ചുവടെ ചേർക്കും പ്രകാരം നൽകിയ 1,40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഫണ്ടിനം | ക്ഷീര സംഘം | തുക (₹) | ബിൽ നം./ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | തനത് ഫണ്ട് | ചെറിയേല | 20,000/- | ചെക്ക് നം. 8607/24.03.2023 |
| 2 | ” | കണ്ണനല്ലൂർ | 5,000/- | ” |
| 3 | ” | മുഖത്തല | 4,000/- | ” |
| 4 | ” | പേരയം | 5,000/- | ” |
| 5 | ” | തൃക്കോവിൽവട്ടം | 6,000/- | ” |
| | | **ആകെ** | **40,000/-** | |
| 1 | വികസന ഫണ്ട് | കണ്ണനല്ലൂർ | 10,500/- | ബിൽ നം. 301/09.01.2023 |
| 2 | ” | ചെറിയേല | 23,000/- | ബിൽ നം. 360/09.01.2023 |
| 3 | ” | മൈലാപ്പൂർ | 4,000/- | ബിൽ നം. 318/12.01.2023 |
| 4 | ” | കല്ലുവെട്ടാംകുഴി | 22,500/- | ” |

| | | | | |
|---|---|---|---|---|
| | | (രണ്ടാം ഘട്ടം) | | |
| 5 | ” | തൃക്കോവിൽവട്ടം | 6,030/- | ബിൽ നം. 500/15.03.2023 |
| 6 | ” | മുഖത്തല | 33,970/- | ബിൽ നം. 256/16.12.2022 |
| | | **ആകെ** | **1,00,000/-** | |

**ആകെ നിരാകരിക്കുന്ന തുക – 18,375/-രൂപ.**

**ആകെ തടസ്സപ്പെടുത്തുന്ന തുക – 1,40,000/-രൂപ.**

**ഓഡിറ്റ് എൻക്വയറി നം – 15 തീ.18/12/23.**

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (നം. 375/23) | 2,00,000/- (തനത് ഫണ്ട്) | 294444/- | ചെക്ക് നം. 8455/5.9.22-9249/- 8598/16.3.23-32559/- 8525/24.12.22-51426/- 8548/27.1.23-12345 8589/10.3.23-148988/- 512099/1.3.23-39877/- | 118156/- രൂപ KSEB കൊട്ടിയത്തും, 125565/-രൂപ KSEB കണ്ണനല്ലൂർ, 50723/-രൂപ KSEB അയത്തിൽ എന്നിവിടങ്ങളിൽ ഒടുക്കു വരുത്തി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 2. | കുടിവെള്ള പദ്ധതി വാർഡ് 5 (നം. 417/23) | 477500/- (CFCഫണ്ട്) 100250/- (തനത് ഫണ്ട്) | 477500/- (CFCഫണ്ട്) 99900/- (തനത് ഫണ്ട്) | XVFC/2022-23 /P/53/8.3.23-477500/- ചെക്ക് നം.8586/9.3.23-99900/- | 577400/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിൽ ഒടുക്കു വരുത്തി. |
| 3. | കുടിവെള്ള പദ്ധതി വാർഡ് 7 (നം. 418/23) | 477500/- (CFCഫണ്ട്) 100250/- (തനത് ഫണ്ട്) | 477500/- (CFCഫണ്ട്) 99900/- (തനത് ഫണ്ട്) | XVFC/2022-23 /P/54/8.3.23-477500/- ചെക്ക് നം.8586/9.3.23-99900/- | 577400/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിൽ ഒടുക്കു വരുത്തി. |
| 4. | കുടിവെള്ള പദ്ധതി വാർഡ് 13 (നം. 410/23) | 783700/- (CFCഫണ്ട്) | 577400/- (CFCഫണ്ട്) | XVFC/2022-23 /P/55/8.3.23-577400/- | 577400/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിൽ ഒടുക്കു വരുത്തി. |
| 5. | കുടിവെള്ള പദ്ധതി വാർഡ് 15 (നം. 416/23) | 783700/- (CFCഫണ്ട്) | 577400/- (CFCഫണ്ട്) | XVFC/2022-23 /P/57/8.3.23-577400/- | 577400/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിൽ ഒടുക്കു വരുത്തി. |
| 6. | സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (നം. 447/23) | 1000000/- (തനത് ഫണ്ട്) | 1000000/- | ചെക്ക് നം. 8630/31.3.23-1000000/- | കൊല്ലം ജില്ലാ പഞ്ചായത്തിൽ ഒടുക്കു വരുത്തി |
| | | ആകെ | 3604044/- | | |

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 36,04,044/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ്എൻക്വയറി നം. 16/18.12.23**

**തടസ്സപ്പെടുത്തിയ തുക - 3604044/- രൂപ.**

## 1-23 നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം | നെൽകൃഷി വികസനം പദ്ധതി (3/23) |
| അടങ്കൽ തുക | ₹1080207/- (വികസന ഫണ്ട്)<br>₹680000/- (ബ്ലോക്ക് വിഹിതം)<br>₹40000/-(ഗു.ണ വിഹിതം |
| ചെലവഴിച്ച തുക – 17,60,207/-രൂപ | ₹1080207/- (വികസന ഫണ്ട്)<br>₹680000/- (ബ്ലോക്ക് വിഹിതം)<br>(ബിൽ നം.9/15.11.22-₹167580/-<br>ബിൽ നം.10/15.11.22-₹414681/-<br>ബിൽ നം.11/28.12.22-₹140888/-<br>ബിൽ നം.12/28.12.22-₹414681/-<br>ബിൽ നം.16/31.1.23-₹55945/-<br>ബിൽ നം.17/31.1.23-₹301113/-<br>ബിൽ നം.19/6.2.23-₹265319/-) |

പ്രസ്തുത പദ്ധതിയിൽ നെൽവിത്ത്, വളം, ഉഴവു കൂലി എന്നീയിനങ്ങളിൽ 80 ഹെക്ടറിലേക്കായി രണ്ട് വിളകൾക്കും കൂടി ആകെ 17,60,207/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വളം, ഉഴവുകൂലി എന്നിവയക്കായി 14,51,739/- രൂപയും വിത്തിനായി 3,08,468/- രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.
മൂന്ന് പാടശേഖര സമിതികൾക്കും (പെരുകുളം പാടശേഖര സമിതി 6.25 ഹെക്ടർ, വെട്ടിലത്താഴം പാടശേഖര സമിതി 20 Ha, ശ്രീഭൂതനാഥ പാടശേഖര സമിതി 28.98 ഹെക്ടർ) 24.77 ഹെക്ടറിന് വ്യക്തികൾക്കുമാണ് ആനുകൂല്യം നൽകിയത്. എന്നാൽ വെട്ടിലത്താഴം പാടശേഖരസമിതി കൃഷി ചെയ്ത നിലങ്ങളുടെ വിവരങ്ങൾ BTRലും ഡേറ്റാബാങ്കിലും നിലമായി കാണുന്നു എന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു സ്റ്റേറ്റ്മെന്റും, ശ്രീഭൂതനാഥ പാടശേഖര സമിതിയുടെ നെൽവയൽ ഉൾപ്പെടുന്ന സ്ഥലത്തിന്റെ BTR പകർപ്പും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ. 6.1.9A.6 പ്രകാരം ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതും കൃഷി ചെയ്തത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ആനുകൂല്യം അനുവദിച്ച ഭൂവിസ്തൃതിക്കാനുപാതികമായി കൃഷി ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന കരാർ, നിർവഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിലാണ് ആനുകൂല്യം അനുവദിക്കുന്നത്. വിള ഇൻഷ്വറൻസ് വിവരങ്ങളും സൂക്ഷിക്കുന്നില്ല. ആയതിനാൽ പാടശേഖര സമിതി മുഖേന കർഷകർക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി, പലയിടത്തും ഉടമകൾ ലഭ്യമല്ലാത്തതും സഹകരിക്കാത്തതുമായ സാഹചര്യമാണുള്ളതെന്നും ആയതിനാൽ പാടശേഖരസമിതികൾ തന്നെ വില്ലേജ് ഓഫീസിൽ നിന്നും പ്രസ്തുത കൃഷിയിടങ്ങളുടെ സർവേ നമ്പറുകൾ വിസ്തൃതിയനുസരിച്ച് ശേഖരിച്ച് സാക്ഷ്യപ്പെടുത്തി നൽകുകയോ, BTR പകർപ്പ് നൽകുകയോ ആണ് ചെയ്യുന്നത് എന്നുമാണ്. ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവരുമായി തദ്ദേശ സ്ഥാപനങ്ങൾ ധാരണയുണ്ടാക്കേണ്ടതും കൃഷി ചെയ്തത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലിന്റെ അഭാവത്തിൽ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പാടശേഖര സമിതികൾ മുഖേന കർഷകർക്ക് ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുമാണ്.
**ഓഡിറ്റ് എൻക്വയറി നം. 10/16.12.23.**

**1-24 ഞങ്ങളും കൃഷിയിലേയ്ക്ക് വനിത സംയുക്തപദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ**

ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി 100% സബ്സിഡിയിൽ ഹൈബ്രിഡ് പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്യുന്നു. ജൈവ വളങ്ങൾ ഉല്പാദനോപാധികൾ എന്നിവ 75% സബ്സിഡിയിലും വിതരണം ചെയ്യുന്നു. പത്ത് സെന്റിൽ അധികമുള്ളവർക്ക് ഒരു ലാർജ് യൂണിറ്റ്, പത്ത് സെന്റ് വരെയുള്ളവർക്ക് ഒരു സ്മാൾ യൂണിറ്റ് എന്നിങ്ങനെ കണക്കാക്കി ലാർജ് യൂണിറ്റിന് 4,000/- രൂപയും സ്മാൾ യൂണിറ്റിന് 2,000/- രൂപയുമാണ് കണക്കാക്കി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | ഞങ്ങളും കൃഷിയിലേയ്ക്ക് വനിത സംയുക്തം (208/23) |
| അടങ്കൽ തുക | ₹2,00,000/- (വികസന ഫണ്ട്)<br>₹2,00,000/- (ബ്ലോക്ക് വിഹിതം)<br>₹1,89,000/- (ഗുണ. വിഹിതം) |

| | |
|---|---|
| ചെലവഴിച്ച തുക | ₹200000/- (വികസന ഫണ്ട്)<br>₹ 194000/- (ബ്ലോക്ക് വിഹിതം)<br>(ബിൽ നം.13/6.2.23-35000/-<br>ബിൽ നം.21/6.2.23-35000/-<br>ബിൽ നം.20/27.2.23-12500/-<br>ബിൽ നം.44/30.3.23-12500/-<br>ബിൽ നം.25/25.3.23-3000/-<br>ബിൽ നം.24/27.3.23-3000/-<br>ബിൽ നം.30/30.3.23-75000/-<br>ബിൽ നം.22/28.3.23-75000/-<br>ബിൽ നം.29/27.3.23-37500/-<br>ബിൽ നം.31/30.3.23-37500/-<br>ബിൽ നം.35/30.3.23-4000/-<br>ബിൽ നം.36/30.3.23-31000/-<br>ബിൽ നം.37/30.3.23-31000/-<br>ബിൽ നം.38/30.3.23-2000/-) |

പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് ജൈവവളം വാങ്ങി വിതരണം ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.1 പ്രകാരം ജൈവ വളം, ഡോളോമൈറ്റ് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം നീറ്റുകക്കയുടെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 17/- രൂപയാണ്. എന്നാൽ ഈ പദ്ധതിയിൽ ഇരവിപുരം കൃഷിശ്രീ സെന്ററിൽ നിന്ന് നീറ്റുകക്ക വാങ്ങിയത് 20/-രൂപ നിരക്കിലാണ് വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം. 2023/002/140/17.2.23 പ്രകാരം -1000kg@20/- = 20000/-രൂപ

ഇൻവോയ്സ് നം. 2023/002/141/17.2.23 പ്രകാരം -500kg@20/- = 10000/-രൂപ

ഇൻവോയ്സ് നം. EKSC/04/372/2022-23/27.3.23 പ്രകാരം -410kg@20/- = 8200/-രൂപ

ഇൻവോയ്സ് നം. EKSC/04/373/2022-23/27.3.23 പ്രകാരം -3kg@20/- = 60/-രൂപ

------------------------

ആകെ – 1913 Kg@20 = 38,260/-രൂപ

അനുവദിച്ച സബ്സിഡി = 75% Of 38260 = 28,695/-രൂപ

യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം അനുവദനീയമായ നിരക്ക് – 1913 Kg@17 = 32,521/-രൂപ

അനുവദനീയമായ സബ്സിഡി നിരക്ക് = 75% 0f 32521 = 24,391/-രൂപ

അധികം അനുവദിച്ച സബ്സിഡി = 28695 - 24391 = 4,304/-രൂപ

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, യാത്രാചെലവ്, റീ പാക്കിംഗ് എന്നിവയുടെ ചെലവും കൂടി കണക്കിലെടുത്താണ് യൂണിറ്റ് കോസ്റ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചത് എന്നാണ് അറിയിച്ചത്. ഈ മറുപടി പരിഗണനാർഹമല്ലാത്തതിനാൽ അധികമായി അനുവദിച്ച 4,304/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ചു.

ഈ പദ്ധതിയിൽ 12 സ്പ്രെയർ 750/- രൂപ നിരക്കിലുള്ളത്, 141 Mango Fruit Fly Trap 110/- രൂപ നിരക്കിലുള്ളത് എന്നിവ ഇരവിപുരം കൃഷിശ്രീ സെന്ററിൽ നിന്ന് വാങ്ങി 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തിഗത ആനുകൂല്യങ്ങളിൽ മേൽ ഇനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ലാതിരിക്കെ ഈ ഇനങ്ങൾക്കായി ആകെ 24,510/-(12x750=9000+141x110=15510) രൂപയുടെ 75% തുകയായ 18,383/- രൂപ അനുവദിച്ചിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് സബ്സിഡി മാർഗ്ഗരേഖയിൽ സ്പ്രെയർ ഉൾപ്പെട്ടിട്ടില്ലെങ്കിലും വകുപ്പ്തല മാനദണ്ഡമനുസരിച്ച് സ്പ്രെയർ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500/- രൂപവരെ അനുവദിച്ചിട്ടുണ്ടെന്നും, മാമ്പഴക്കെണിക്ക് 100/- രൂപ നിരക്കിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളതിനാൽ യാത്രാചെലവ്, റീ പാക്കിംഗ് എന്നിവയുടെ ചെലവും കൂടി കണക്കിലെടുത്ത് 110/-രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചു എന്നുമാണ്. എന്നാൽ ഈ മറുപടി സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായതിനാൽ അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനങ്ങൾക്കായി അനുവദിച്ച സബ്സിഡി തുകയായ 18,383/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. – 10/16.12.23**

**നിരാകരിച്ച തുക – 4,304/-രൂപ**

**തടസ്സപ്പെടുത്തിയ തുക–18,383/- രൂപ**

**1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.**

2022-23 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5,43,20,000/-രൂപ വകയിരുത്തി 112000 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 100738 തൊഴിൽ ദിനങ്ങൾ (89.94%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 3,74,15,858/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 68.88%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 744 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ്/ജലസംരക്ഷണ പ്രവൃത്തികൾ | 462 | 149 | 107 | 42 | 23.16 |
| 2 | വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ | 207 | 33 | 11 | 22 | 5.31 |
| 3 | റോഡ് കോൺക്രീറ്റ് | 68 | 6 | 2 | 4 | 2.94 |
| 4 | ലൈഫ് മിഷൻ ഭവന പദ്ധതി | 230 | 202 | 27 | 175 | 11.74 |
| 5 | വൃക്ഷത്തൈ നടീൽ | 23 | 11 | 9 | 2 | 39.13 |
| 6 | തോടുകളുടെ നവീകരണം | 19 | 6 | 6 | 0 | 31.58 |
| **ആകെ** | | | | | **245** | |

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/15.12.23) ലഭ്യമാക്കിയ മറുപടിയിൽ മണ്ണ്/ ജലസംരക്ഷണ പ്രവൃത്തികൾ, വ്യക്തിഗത ആസ്തി നിർമ്മാണ പ്രവൃത്തികൾ, വൃക്ഷത്തൈ നടീൽ എന്നിവ സ്പിൽഓവറായി നടപ്പുവർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ലൈഫ് മിഷൻ ഭവന പദ്ധതിയിൽ 160 വീടുകൾ നടപ്പുവർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും 15 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

**1-26 ആർ-ട്രാക്ക് റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് പൂർത്തീകരിച്ചില്ല**

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2022-23 ൽ വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിന് തനതുഫണ്ടിൽ നിന്നും 69,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നു. തൻവർഷം പ്രോജക്ടിനായി 27,560/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നം. 620268/31.10.22 – 14380/-രൂപ, ചെക്ക് നം. 620269/31.10.22 – 10780/-രൂപ, ചെക്ക് നം. 620270/31.10.22 – 1200/-രൂപ, ചെക്ക് നം. 620271/31.10.22 – 1200/-രൂപ). തുടർന്ന് 2023-24 ൽ പ്രോജക്ട് സ്പിൽ ഓവറാക്കി (പ്രോജക്ട് നം. 341/24) തനതുഫണ്ടിൽ നിന്നും 41,440/- രൂപ അടങ്കൽ വകയിരുത്തിയെങ്കിലും ചെലവൊന്നും നടന്നിട്ടില്ല.

1 മുതൽ 23 വരെയുള്ള വാർഡുകളിലെ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് വാർഡൊന്നിന് 3,000/- രൂപ ക്രമത്തിൽ 69,000/- രൂപ വകയിരുത്തിയത്. പദ്ധതിക്കായി ആകെ 27,560/- രൂപയാണ് ചെലവഴിച്ചത്. പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/16.12.23) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി 2023-24 ൽ സ്പിൽഓവറായി നിലനിൽക്കുന്നു എന്ന് മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 27,560/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.7/16.12.23.**

**തടസ്സപ്പെടുത്തിയ തുക – 27,560/-രൂപ.**

**1-27 MGNREGS- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി.-2% റ്റി.ഡി.എസ്. ആയി കുറവ് ചെയ്തിട്ടില്ല.**

2017-ലെ സെൻട്രൽ ഗുഡ്സ് & സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ്-ന്റെ 13.9.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018-ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% GST സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. 30.7.2019-ലെ സർക്കുലർ നം. 957/EGSC/16/REGS പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2,50,000/- രൂപയിൽ കൂടുതലാണെങ്കിൽ GST 2% ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ 2022-23 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ട ജി.എസ്.റ്റി 2% (രൂപ) |
|---|---|---|
| 1 | RC/346465<br>വയലിൽ പുതുവീട് തൊടിയിൽ ഇടറോഡ് നിർമ്മാണം (വാർഡ്-10)<br>കരാറുകാരൻ- ഷെഫീക്ക്.എ.<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക - 271701/- രൂപ | 5,434/- |
| 2 | RC/346466<br>മരുതമൺ ഇടറോഡ് കോൺക്രീറ്റ് (വാർഡ്-9)<br>കരാറുകാരൻ- ഷെഫീക്ക്.എ.<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-291306/- രൂപ | 5,826/- |
| | **ആകെ** | **11,260/-** |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/15.12.23) ലഭ്യമാക്കിയ മറുപടിയിൽ, മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർക്ക് TDS അടയ്ക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്നും ആയത് അടയ്ക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. 11,260/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അക്രെഡിറ്റഡ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

**1-28 ഇ-ടെണ്ടർ ഫാറവില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം.**

ഇ-ടെണ്ടർ ഫാറവില ഇനത്തിൽ അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ (A/c No.67386868902, SBI, കൊല്ലം സിവിൽ സ്റ്റേഷൻ ശാഖ) 14.12.2023-ലെ നീക്കിയിരിപ്പ് 5,70,958/-രൂപയാണ്. ഈ തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 7/16.12.23) മറുപടിയിൽ, അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ 2022 ആഗസ്റ്റ് വരെയുള്ള തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണെന്നും, അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-29 പൈപ്പ് ലൈൻ ട്രെഞ്ചിംഗിനു മീതെ റോഡ് മെയിന്റനൻസ്- റെസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കാൻ നടപടി സ്വീകരിക്കണം.**

ജലജീവൻ പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡുകളിൽ കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ ട്രെഞ്ചിംഗ് നടത്തിയിട്ടുണ്ട്. പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി 2022-23 ൽ വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. പൈപ്പ് ലൈൻ ട്രെഞ്ചിംഗിനു മീതെ മെയിന്റനൻസ് നടത്തിയതിന്റെ അളവുകൾ എല്ലാ വർക്കുകളുടെയും എം.ബുക്കിൽ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത അളവുകൾ എം.ബുക്കിൽ പ്രത്യേകം രേഖപ്പെടുത്തി തുക അനുവദിച്ച പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം |
|---|---|
| 1 | പ്രോജക്ട്നം. 111/23 (Spill Over)<br>എം.ഇ.എസ്. ജംഗ്ഷൻ കള്ളിക്കാട് റോഡ് റീടാറിംഗ്<br>അടങ്കൽതുക-7,90,000/- രൂപ (MGR-550000+ OF-240000) |

| | |
|---|---|
| | എം.ബുക്ക് നം.215/21-22<br>പൈപ്പ് ലൈൻ ട്രെഞ്ചിംഗ് ഭാഗം മെയിന്റനൻസിനായി ചെലവഴിച്ച തുക- 13,728/- രൂപ |
| 2 | പ്രോജക്ട്നം.133/23 (Spill Over)<br>തോട്ടത്തിൽ പണയിൽ റോഡ് റീടാറിംഗ്<br>അടങ്കൽ തുക-4,00,000/- രൂപ (MGR)<br>എം.ബുക്ക് നം. 8/AEE/MBP/22-23, 9/AEE/MBP/22-23<br>പൈപ്പ് ലൈൻ ട്രെഞ്ചിംഗ് ഭാഗം മെയിന്റനൻസിനായി ചെലവഴിച്ച തുക- 13,843/- രൂപ |
| 3 | പ്രോജക്ട്നം. 149/23 (Spill Over)<br>എച്ച്.എം.സി. കരിശ്ശടിമുക്ക് റോഡ് റീകോൺക്രീറ്റിംഗ്<br>അടങ്കൽതുക – 5,00,000/- രൂപ (MGR)<br>എം.ബുക്ക് നം. 15/AEE/LSGD/MBP/22-23<br>പൈപ്പ് ലൈൻ ട്രെഞ്ചിംഗ് ഭാഗം മെയിന്റനൻസിനായി ചെലവഴിച്ച തുക- 83,399/- രൂപ |

കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ ട്രെഞ്ചിംഗ് നടത്തിയതിനു മീതെ മെയിന്റനൻസ് നിർവഹിച്ചതിന് പഞ്ചായത്ത് തുക ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/16.12.23) ലഭ്യമാക്കിയ മറുപടിയിൽ, ജലജീവൻ പദ്ധതിയിൽ കേരള വാട്ടർ അതോറിട്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനായി KWA- യും പഞ്ചായത്തും തമ്മിൽ കരാറിലേർപ്പെട്ടിട്ടുള്ളതാണെന്നും പൈപ്പ് ലൈൻ ട്രെഞ്ചിംഗ് മൂലം റോഡ് തീരെ ഗതാഗതയോഗ്യമല്ലാതിരുന്ന സാഹചര്യത്തിൽ ടി പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി പൈപ്പ് ലൈനു വേണ്ടിയുള്ള ഭാഗവും ഉൾപ്പെടുത്തി റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടി വന്നുവെന്നും, അടിയന്തിര പ്രാധാന്യമുള്ളതായതിനാൽ ഭരണസമിതി തീരുമാനപ്രകാരം പൂർത്തിയാക്കിയ റോഡ് നിർമ്മാണത്തിന് ചെലവായ തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ അറിയിക്കുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, പൈപ്പ് ലൈൻ ട്രെഞ്ചിംഗ് നടത്തിയതിനു മീതെ മെയിന്റനൻസ് നടത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളിലും KWA-യിൽ നിന്നും നിയമാനുസൃത റെസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 മഴക്കാലപൂർവ ശുചീകരണം-ചെലവ് രേഖകൾ ഹാജരാക്കിയില്ല

2022-23 ൽ തൃക്കോവിൽവട്ടം പഞ്ചായത്തിൽ 23 വാർഡുകളിൽ മഴക്കാലപൂർവ ശുചീകരണം എന്ന പ്രവൃത്തിക്കായി വൗച്ചർ നം. 22200027 തീ. 8/4/22 പ്രകാരം 1,15,000/-രൂപ (ചെക്ക് നം. 8374 തീ. 8/4/22) തനത് ഫണ്ടിൽ നിന്നും (23*5000) 23 വാർഡുകളിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകളിൽ 13, 15 എന്നീ വാർഡുകളിലെ ചെലവ് രേഖകൾ സമർപ്പിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ രണ്ടു വാർഡുകളിലേക്ക് തനതുഫണ്ടിൽ നിന്നും നൽകിയ 10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഹാജരാക്കിയ രേഖകളിൽ 3, 6, 7, 10 എന്നീ വാർഡുകളിൽ 2022-23 ൽ നൽകിയ 5,000/-രൂപയുടെ ചെലവ് രേഖകളായി സമർപ്പിച്ചിരിക്കുന്നത് 2020-21, 2021-22 വർഷത്തെ ചെലവ് രേഖകളാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 3, 6, 7, 10 എന്നീ വാർഡുകളിലെ 2022-23 ലെ ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 20,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തടസ്സപ്പെടുത്തുന്ന തുക – 30,000/-രൂപ (10000/- + 20000/-)**

**ഓഡിറ്റ് എൻക്വയറി നം. 17 തീയതി-18/12/23**

## 1-31 ഹരിത കർമ്മസേന അവലോകനം

23 വാർഡുകളിലായി 46 ഹരിത കർമ്മ സേന അംഗങ്ങൾ പ്രവർത്തിച്ച് വരുന്നു. ഒരു വാർഡിൽ രണ്ട് വീതം അംഗങ്ങൾ ഉണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ മുഴുവനായും ക്യൂ.ആർ. കോഡ് പതിപ്പിക്കുകയും ഹരിതകർമ്മസേന പ്രവർത്തനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ മെയിൻ എം.സി.എഫ്. നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എം.സി.എഫ് സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്. എം.സി.എഫിൽ ബെയിലിംഗ് യൂണിറ്റ്, ഷ്രെഡിംഗ് യൂണിറ്റ് എന്നിവ ഇല്ല. കൂടാതെ വാടക കെട്ടിടത്തിൽ എം.സി.എഫ് പ്രവർത്തിക്കുന്നതിന് മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഉണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് വാഹനം (ഇലക്ട്രിക്), ഓഫീസ് ഉപകരണങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ക്ലീൻ കേരള എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനം കൃത്യമായി മാലിന്യം നീക്കം ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം ശരാശരി 9,000/- രൂപ നിരക്കിൽ നിലവിൽ വരുമാനം ലഭിച്ചു വരുന്നു. ഹരിത കർമ്മസേനാ

പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് കൃത്യമായി നടന്നു വരുന്നു. ഇതിനായി എല്ലാ മാസവും കൃത്യമായി ക്ലസ്റ്റർ മീറ്റിംഗും പഞ്ചായത്തുതല മീറ്റിംഗും നടത്താറുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണം - അംഗീകൃത ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാങ്ങൽ നടത്തി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി, നം | പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ (74/23)SO |
| അടങ്കൽ തുക | ₹1,00,000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് തുക | ₹99,639/- (വികസന ഫണ്ട് - എസ്.സി.പി)<br>ബിൽ നം. 5/17.6.22- ₹99,639/- |

പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനമായ കൊല്ലം സിഡ്കോ സെയിൽസ് എംപോറിയം എന്ന സ്ഥാപനത്തിന്റെ മേശ - 3,488/- രൂപ, കസേര - 559/-രൂപ ടാക്സ് ഒഴികെ ആകെ 4,047/-രൂപ നിരക്ക് (4,775/-രൂപ ടാക്സ് ഉൾപ്പടെ മേശ 4,115.84/-, കസേര 659.62/-) അംഗീകരിച്ച (തീരുമാനം നം.1(3) തീയതി 10.1.22). എന്നാൽ ഇപ്രകാരം അംഗീകരിച്ച ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് പഠനോപകരണങ്ങൾ വാങ്ങിയതെന്ന് പരിശോധനയിൽ വ്യക്തമായി.
ഇൻവോയ്സ് നം. KLM/21-22/346 Dtd 27.3.22 പ്രകാരം വാങ്ങിയ നിരക്ക് ചുവടെ ചേർക്കുന്നു.
Steel Table (90x45x75cm-22G) - 3,488/-രൂപ
Steel Cushion Chair - 734/- രൂപ
ആകെ - 4,222/-രൂപ ടാക്സ് ഒഴികെ (4,982/-രൂപ ടാക്സ് ഉൾപ്പടെ)
തൻ വർഷം 20 പഠനോപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ഇനം | അംഗീകൃത ടെണ്ടർ നിരക്ക് (₹) | വാങ്ങിയ നിരക്ക് (₹) | വ്യത്യാസം (₹) |
|---|---|---|---|
| Steel Table (90x45x75cm-22G) | 4115.84 | 4115.84 | 0 |
| Steel Cushion Chair | 659.62 | 866.12 | 206.5 |

തൻവർഷം 20 പഠനോപകരണങ്ങൾ വാങ്ങിയത് വഴി 4,130/- (20x206.5) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

അംഗീകൃത ടെണ്ടർ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ പഠനോപകരണങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഈ വിവരം സിഡ്കോ സെയിൽസ് എംപോറിയത്തെ അറിയിച്ച് അധിക തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

4,130/- രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**നിരാകരിച്ച തുക - 4,130/- രൂപ.**
**എൻക്വയറി നം. 1/14.12.23.**

### 3-2 എൽ.പി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം-മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നം-248
തനത് ഫണ്ട് അടങ്കൽ - 50,000/-രൂപ
ചെലവ്-10,400/-രൂപ

ചെക്ക് നം. 8802/20-3-23, 8621/30-3-23

2022-23 ൽ ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതിയാണ് സ്കൂൾ കുട്ടികൾക്ക് യോഗപരിശീലനം. പ്രസ്തുത പ്രോജക്ടിൽ മുഖത്തല ഗവ. എൽ.പി.എസ്. ലെ കുട്ടികളെ 2/23, 3/23 മാസങ്ങളിൽ ശ്രീമതി. ശ്രീജ എന്ന ടീച്ചറെ നിയമിച്ച് യോഗ പഠിപ്പിച്ചതിന് വേതനം നൽകിയിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ) നം. 84/22/lsgd Dtd 19-4-22 (പദ്ധതി രൂപീകരണ മാർഗരേഖ) പ്രകാരം 8-6 വിദ്യാഭ്യാസം എന്ന മേഖലയിൽ ക്രമ നം. 18 പ്രകാരം ഹയർ സെക്കന്ററി /ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗരേഖക്ക് വിരുദ്ധമായി പ്രസ്തുത പ്രോജക്ടിൽ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗപരിശീലനം നൽകിയിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി നടത്തിയ 10,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

**നിരാകരിക്കുന്ന തുക – 10,400/-രൂപ.**
**ഓഡിറ്റ് എൻക്വയറി നം. – 3 /15-12-23.**

**3-3 ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് ജൈവവളം വാങ്ങി വിതരണം ചെയ്തു**

ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി 100% സബ്സിഡിയിൽ ഹൈബ്രിഡ് പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്യുന്നു. ജൈവ വളങ്ങൾ ഉല്പാദനോപാധികൾ എന്നിവ 75% സബ്സിഡിയിലും വിതരണം ചെയ്യുന്നു. പത്ത് സെന്റിൽ അധികമുള്ളവർക്ക് ഒരു ലാർജ് യൂണിറ്റ്, പത്ത് സെന്റ് വരെയുള്ളവർക്ക് ഒരു സ്മാൾ യൂണിറ്റ് എന്നിങ്ങനെ കണക്കാക്കി ലാർജ് യൂണിറ്റിന് 4,000/- രൂപയും സ്മാൾ യൂണിറ്റിന് 2,000/- രൂപയുമാണ് കണക്കാക്കി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | ഞങ്ങളും കൃഷിയിലേയ്ക്ക് വനിത സംയുക്തം (208/23) |
| അടങ്കൽ തുക | ₹2,00,000/- (വികസന ഫണ്ട്)<br>₹2,00,000/- (ബ്ലോക്ക് വിഹിതം)<br>₹1,89,000/- (ഗുണ. വിഹിതം) |
| ചെലവഴിച്ച തുക | ₹200000/- (വികസന ഫണ്ട്)<br>₹ 194000/- (ബ്ലോക്ക് വിഹിതം)<br>(ബിൽ നം.13/6.2.23-35000/-<br>ബിൽ നം.21/6.2.23-35000/-<br>ബിൽ നം.20/27.2.23-12500/-<br>ബിൽ നം.44/30.3.23-12500/-<br>ബിൽ നം.25/25.3.23-3000/-<br>ബിൽ നം.24/27.3.23-3000/-<br>ബിൽ നം.30/30.3.23-75000/-<br>ബിൽ നം.22/28.3.23-75000/-<br>ബിൽ നം.29/27.3.23-37500/-<br>ബിൽ നം.31/30.3.23-37500/-<br>ബിൽ നം.35/30.3.23-4000/-<br>ബിൽ നം.36/30.3.23-31000/-<br>ബിൽ നം.37/30.3.23-31000/-<br>ബിൽ നം.38/30.3.23-2000/-) |

പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാതല യൂണിറ്റ് കോസ്റ്റ് മറികടന്ന് ജൈവവളം വാങ്ങി വിതരണം ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.1 പ്രകാരം ജൈവ വളം, ഡോളോമൈറ്റ് എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് നിരക്ക്

പ്രകാരം നീറ്റുകക്കയുടെ യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 17/- രൂപയാണ്. എന്നാൽ ഈ പദ്ധതിയിൽ ഇരവിപുരം കൃഷിശ്രീ സെന്ററിൽ നിന്ന് നീറ്റുകക്ക വാങ്ങിയത് 20/-രൂപ നിരക്കിലാണ് വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം. 2023/002/140/17.2.23 പ്രകാരം -1000kg@20/- = 20000/-രൂപ
ഇൻവോയ്സ് നം. 2023/002/141/17.2.23 പ്രകാരം -500kg@20/- = 10000/-രൂപ
ഇൻവോയ്സ് നം. EKSC/04/372/2022-23/27.3.23 പ്രകാരം -410kg@20/- = 8200/-രൂപ
ഇൻവോയ്സ് നം. EKSC/04/373/2022-23/27.3.23 പ്രകാരം -3kg@20/- = 60/-രൂപ
-------------------------
ആകെ – 1913 Kg@20 = 38,260/-രൂപ
അനുവദിച്ച സബ്സിഡി = 75% Of 38260 = 28,695/-രൂപ
യൂണിറ്റ് കോസ്റ്റ് നിരക്ക് പ്രകാരം അനുവദനീയമായ നിരക്ക് – 1913 Kg@17 = 32,521/-രൂപ
അനുവദനീയമായ സബ്സിഡി നിരക്ക് = 75% 0f 32521 = 24,391/-രൂപ
അധികം അനുവദിച്ച സബ്സിഡി = 28695 - 24391 = 4,304/-രൂപ

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, യാത്രാചെലവ്, റീ പാക്കിംഗ് എന്നിവയുടെ ചെലവും കൂടി കണക്കിലെടുത്താണ് യൂണിറ്റ് കോസ്റ്റ് നിരക്കിനേക്കാൾ അധികം തുക അനുവദിച്ചത് എന്നാണ് അറിയിച്ചത്. ഈ മറുപടി പരിഗണനാർഹമല്ലാത്തതിനാൽ അധികമായി അനുവദിച്ച 4,304/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

2. സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ചു.

ഈ പദ്ധതിയിൽ 12 സ്പ്രേയർ 750/- രൂപ നിരക്കിലുള്ളത്, 141 Mango Fruit Fly Trap 110/- രൂപ നിരക്കിലുള്ളത് എന്നിവ ഇരവിപുരം കൃഷിശ്രീ സെന്ററിൽ നിന്ന് വാങ്ങി 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തിഗത ആനുകൂല്യങ്ങളിൽ മേൽ ഇനങ്ങൾക്ക് സബ്സിഡി അനുവദനീയമല്ലാതിരിക്കെ ഈ ഇനങ്ങൾക്കായി ആകെ 24,510/-(12x750=9000+141x110=15510) രൂപയുടെ 75% തുകയായ 18,383/- രൂപ അനുവദിച്ചിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് സബ്സിഡി മാർഗ്ഗരേഖയിൽ സ്പ്രേയർ ഉൾപ്പെട്ടിട്ടില്ലെങ്കിലും വകുപ്പ്തല മാനദണ്ഡമനുസരിച്ച് സ്പ്രേയർ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500/- രൂപവരെ അനുവദിച്ചിട്ടുണ്ടെന്നും, മാമ്പഴക്കെണിക്ക് 100/- രൂപ നിരക്കിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളതിനാൽ യാത്രാചെലവ്, റീ പാക്കിംഗ് എന്നിവയുടെ ചെലവും കൂടി കണക്കിലെടുത്ത് 110/-രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചു എന്നുമാണ്. എന്നാൽ ഈ മറുപടി സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായതിനാൽ അംഗീകരിക്കുന്നില്ല.

സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനങ്ങൾക്കായി അനുവദിച്ച സബ്സിഡി തുകയായ 18,383/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. – 10/16.12.23**
**നിരാകരിച്ച തുക – 4,304/-രൂപ**
**തടസ്സപ്പെടുത്തിയ തുക–18,383/- രൂപ**

**3-4 ക്ഷീരകർഷകർക്ക് വൈക്കോൽ വിതരണം – അപാകതകൾ**

| | | |
|---|---|---|
| പ്രോജക്ട് | 223/23 (തുണകം – ക്ഷീരകർഷകർക്ക് ക്ഷീര സംഘം വഴി വൈക്കോൽ വിതരണം) | ബിൽ നം./ ചെക്ക് നം. |
| അടങ്കൽ | വികസന ഫണ്ട് – 1,00,000/-രൂപ | |
| | തനത് ഫണ്ട് – 85,000/-രൂപ | |
| ചെലവ് | വികസന ഫണ്ട് – 1,00,000/-രൂപ | 256/16-12-2022 – ₹33,970/- |

| | | |
|---|---|---|
| | (എ.സി.ആർ. പ്രകാരം) | 300/09-01-2023 – ₹23,000/-<br>301/09-01-2023 – ₹10,500/-<br>318/12-01-2023 – ₹26,500/-<br>500/15-03-2023 – ₹6,030/- |
| | തനത് ഫണ്ട് – 85,000/-രൂപ | 8607/24-03-2023 – ₹60,000/-<br>8622/31-03-2023 – ₹25,000/- |

2022-23 ൽ ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വൈക്കോൽ വിതരണം. പ്രോജക്ട് പ്രകാരം ഒരു കിലോഗ്രാം പച്ചപ്പുല്ലിന് രണ്ട് രൂപയും ഒരു കിലോഗ്രാം വൈക്കോലിന് അഞ്ച് രൂപയും എന്ന നിരക്കിൽ ആകെ വിലയുടെ 50% ൽ നിജപ്പെടുത്തി ഒരു കർഷകന് ഒരു വർഷം പരമാവധി 7,000/-രൂപയിൽ അധികമാകാത്ത തുക ക്ഷീരസംഘത്തിൽ നിന്ന് സബ്സിഡി നൽകുകയും ടി തുക പഞ്ചായത്ത് ക്ഷീരസംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യുന്നു. എന്നാൽ തട്ടാർകോണം, കല്ലുവെട്ടാംകുഴി എന്നീ ക്ഷീര സഹകരണ സംഘങ്ങൾക്ക് പദ്ധതി ആനുകൂല്യ വിതരണം നടത്തിയതിൽ ചുവടെ വിവരിക്കുന്ന അപാകതകൾ കാണുന്നു.

1. **തട്ടാർകോണം സംഘം**

തട്ടാർകോണം സംഘത്തിൽ ഒരു കിലോഗ്രാമിന് എട്ട് രൂപ നിരക്കിൽ 125 കിലോഗ്രാമിന് 1,000/-രൂപ കണക്കാക്കി 50 പേർക്ക് 50,000/-രൂപയുടെ വൈക്കോൽ വിതരണം ചെയ്തിട്ടുണ്ട്. 125 കിലോഗ്രാം വീതം 50 പേർക്ക് 6250 കിലോഗ്രാം വൈക്കോൽ വിതരണം നടത്തിയതിന്റെ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരം 6250 കിലോഗ്രാം വൈക്കോലിന് അഞ്ച് രൂപ നിരക്കിൽ 31,250/-രൂപ വില കണക്കാക്കി ആയതിന്റെ 50% തുകയായ 15,625/-രൂപയാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ തട്ടാർകോണം സംഘത്തിന് 50 പേർക്ക് 500/-രൂപ സബ്സിഡി നിരക്കിൽ 25,000/-രൂപ നൽകി.

**അധികം നൽകിയ തുക = 25000-15625 = 9,375/-രൂപ.**

ഈ തുക പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

2. **കല്ലുവെട്ടാം കുഴി സംഘം**

വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 4400 Kg വൈക്കോൽ വിതരണം ചെയ്തതിന്റെ രേഖകളാണ് സമർപ്പിച്ചത്. ഒരു കിലോക്ക് 15/- രൂപ നിരക്കിലാണ് വില കണക്കാക്കിയിരിക്കുന്നത്. 66,000/-രൂപയുടെ (4400 Kg*15) വൈക്കോൽ ആണ് വിതരണം ചെയ്തത്. സംഘം വഴി വിതരണം ചെയ്ത വൈക്കോലിന്റെ ഇൻവോയ്സ് പ്രകാരം ക്ലെയിം ചെയ്തിരിക്കുന്ന തുക 4400 Kg*15 = 66,000/-രൂപ. ഇതിൽ സബ്സിഡി 20,000/-രൂപയിൽ പരിമിതപ്പെടുത്തി ക്ഷീരസംഘത്തിന് നൽകി. 22,000/-രൂപയുടെ 50% ആയ 11,000/-രൂപയാണ് സംഘത്തിന് സബ്സിഡി നൽകേണ്ടിയിരുന്നത്. 9,000/-രൂപ അധികം നൽകി. അധികം നൽകിയ തുക നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ചെറിയേല, കണ്ണനല്ലൂർ, മൈലാപ്പൂർ, മുഖത്തല, പേരയം, തൃക്കോവിൽവട്ടം, കല്ലുവെട്ടാംകുഴി (രണ്ടാം ഘട്ടം) സംഘങ്ങൾ വഴി വൈക്കോൽ വാങ്ങി വിതരണം നടത്തിയതിന്റെ ഇൻവോയ്സ്, വിതരണ സ്റ്റേറ്റ്മെന്റ്, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ രേഖകൾ ഹാജരാക്കുന്നതുവരെ ടി സംഘങ്ങൾക്ക് ധനസഹായമായി ചുവടെ ചേർക്കും പ്രകാരം നൽകിയ 1,40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഫണ്ടിനം | ക്ഷീര സംഘം | തുക (₹) | ബിൽ നം./ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | തനത് ഫണ്ട് | ചെറിയേല | 20,000/- | ചെക്ക് നം. 8607/24.03.2023 |
| 2 | ” | കണ്ണനല്ലൂർ | 5,000/- | ” |
| 3 | ” | മുഖത്തല | 4,000/- | ” |
| 4 | ” | പേരയം | 5,000/- | ” |
| 5 | ” | തൃക്കോവിൽവട്ടം | 6,000/- | ” |
| | | **ആകെ** | **40,000/-** | |
| 1 | വികസന ഫണ്ട് | കണ്ണനല്ലൂർ | 10,500/- | ബിൽ നം. 301/09.01.2023 |
| 2 | ” | ചെറിയേല | 23,000/- | ബിൽ നം. 360/09.01.2023 |
| 3 | ” | മൈലാപ്പൂർ | 4,000/- | ബിൽ നം. 318/12.01.2023 |
| 4 | ” | കല്ലുവെട്ടാംകുഴി (രണ്ടാം ഘട്ടം) | 22,500/- | ” |
| 5 | ” | തൃക്കോവിൽവട്ടം | 6,030/- | ബിൽ നം. 500/15.03.2023 |

| | | | | |
|---|---|---|---|---|
| 6 | ” | മുഖത്തല | 33,970/- | ബിൽ നം. 256/16.12.2022 |
| | | **ആകെ** | **1,00,000/-** | |

**ആകെ നിരാകരിക്കുന്ന തുക - 18,375/-രൂപ.**

**ആകെ തടസ്സപ്പെടുത്തുന്ന തുക - 1,40,000/-രൂപ.**

**ഓഡിറ്റ് എൻക്വയറി നം - 15 തീ. 18/12/23.**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 12-12-2023 | കെ.എസ്.എ.കെ.എൽ.എം.പി.7/2217/23 തീയതി 28/12/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,94,000/- | ഞങ്ങളും കൃഷിയിലേക്ക് - വനിതാ സംയുക്തം | 1,94,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,80,000/- | നെൽകൃഷി വികസനം | 6,80,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150530/- | ലൈഫ് SC | 150530/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000/- | അംഗനവാടി അനുപൂരക പോഷകാ ഹാരം | 100000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 130221/- | അംഗനവാടി അനുപൂരക പോഷകാഹാരം | 130221/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000/- | ഭിന്നശേഷി സ്കോളർഷിപ്പ് | 200000/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000/- | ഭിന്നശേഷി സ്കോളർഷിപ്പ് | 300000/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 14,90,000/- | ലൈഫ് ഭവനനിർമ്മാണം | 14,90,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 18,13,360/- | ലൈഫ് ഭവനനിർമ്മാണം | 18,13,360/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 331117/- | താഴം പണ ഇറ കോട്ടേക്കുന്ന് കലുങ്ക് നിർമ്മാണം | 331117/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 10,00,000/- | ലൈഫ് SC | 10,00,000/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 14,90,977/- | ലൈഫ് SC | 14,90,977/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 27067/- | പാലിന് സബ്സിഡി | 27067/- | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | അഗതി രഹിത കേരളം | 2,00,000/- | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി വാർഡ് -5 | XVFC/2022-23/P/ 53/08.03.2023 | 477500/- | 0 | 477500/- |
| | കുടിവെള്ള പദ്ധതി വാർഡ്-7 | XVFC/2022-23/P/ 54/08.03.2023 | 477500/- | 0 | 477500/- |
| | കുടിവെള്ള പദ്ധതി വാർഡ് 13 | XVFC/2022-23/P/ 55/08.03.2023 | 577400/- | 0 | 577400/- |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി വാർഡ് – 15 | XVFC/2022-23/P/ 57/08.03.2023 | 577400/- | 0 | 577400/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 62,40,000/- രൂപ വരവുണ്ട്. മുൻബാക്കി 33,80,000/-രൂപയടക്കം 96,20,000/-രൂപയിൽ 84,20,000/-രൂപ ചെലവായി. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | കെ.യു.ആർ. ഡി.എഫ്.സി. ലോൺ | 62,40,000/- | 4,65,08,188/- | 78,63,180/- | - | 4,48,85,008/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13033981/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 909215/-രൂപ |
| ആകെ | 13943196/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (വാർഷിക കണക്കുകൾ പ്രകാരം) | 13943196/-രൂപ |

**ലഭ്യമാക്കിയ രേഖകൾ പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | ഡെപ്പോസിറ്റ് രസീത് നമ്പർ | നിക്ഷേപം പുതുക്കിയ തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 650501 | 28-09-2022 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 650502 | 28-09-2022 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 3 | കേരള ഗ്രാമീൺ ബാങ്ക് | 650503 | 28-09-2022 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 4 | കേരള ഗ്രാമീൺ ബാങ്ക് | 650504 | 28-09-2022 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 5 | കേരള ഗ്രാമീൺ ബാങ്ക് | 650505 | 28-09-2022 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 6 | കേരള ഗ്രാമീൺ ബാങ്ക് | 650707 | 29-09-2022 | 6 മാസം | 187100/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 7 | കേരള ഗ്രാമീൺ ബാങ്ക് | 650807 | 03-10-2021 | 6 മാസം | 190200/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 8 | കേരള ഗ്രാമീൺ ബാങ്ക് | 650938 | 18-06-2022 | 1 വർഷം | 208551/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 9 | കേരള ഗ്രാമീൺ ബാങ്ക് | 1106018 | 07-01-2023 | 1 വർഷം | 197050/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 10 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് | 12055 | 20-03-2023 | 1 വർഷം | 7589229/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 11 | കേരള ഗ്രാമീൺ ബാങ്ക് | 1106243 | 08-08-2022 | 1 വർഷം | 412723/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 12 | മറ്റുള്ളവ | | | | 13500/- | ഇത് സംബന്ധിച്ച ഒരു രേഖകളും ഹാജരാക്കിയിട്ടില്ല. |
| ആകെ | | | | | 13966813/- | |

വാർഷിക കണക്കുകളും ഹാജരാക്കിയ രേഖകളും തമ്മിൽ 10,117/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല.

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4,130/- | ശ്രീമതി അമ്പിളിക്കല എ.സി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | - | 10,400/- | ശ്രീമതി മാലജ സി. എൽ, ഹെഡ് മിസ്ട്രസ് |
| 3-3 | - | 4,304/- | ശ്രീമതി അനുഷ്മ, കൃഷി ഓഫീസർ |
| 3-4 | - | 18,375/- | ശ്രീമതി നൗഫിയ, ഡയറി ഫാം ഇൻസ്ട്രക്ടർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 67000/- | ശ്രീ. അജിത്ത് എസ് എൻ, സെക്രട്ടറി |
| 1-19 | 4000/- | ശ്രീ. അജിത്ത് എസ് എൻ, സെക്രട്ടറി |
| 1-21 | 1,40,000/- | ശ്രീമതി നൗഫിയ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-22 | 36,04,044/- | ശ്രീ. അജിത്ത് എസ് എൻ, സെക്രട്ടറി |
| 1-24 | 18,383/- | ശ്രീമതി അനുഷ്മ, കൃഷി ഓഫീസർ |
| 1-26 | 27,560/- | ശ്രീ. സുജിത്ത് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 30,000/- | ശ്രീ. അജിത്ത് എസ് എൻ, സെക്രട്ടറി |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അമ്പിളിക്കല എ സി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | കൃഷ്ണ, TRA C തിരുമുല്ലാവാരം, കൊല്ലം |
| ശ്രീമതി മാലജ സി.എൽ, ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ് തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | അഞ്ജനം, പുനക്കന്നൂർ |
| ശ്രീ. അജിത്ത് എസ് എൻ, സെക്രട്ടറി | സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നാരായണ്‍, പ്ലാക്കാട്, ആദിച്ചനല്ലൂർ |
| ശ്രീമതി അനുഷ്മ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | അഖിൽ നിവാസ്, വെളിയം പി.ഒ., വെളിയം |
| ശ്രീമതി നൗഫിയ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, ചെന്താപ്പൂർ, ഡീസന്റ് ജംഗ്ഷൻ |
| ശ്രീ. സുജിത്ത് എസ്, | അസിസ്റ്റന്റ് എഞ്ചിനീയർ, | സുജി നിവാസ്, KNRA 338, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | തിരുവനന്തപുരം കോർപ്പറേഷൻ | തലയിൽ ലെയ്ൻ,<br>പേട്ട പി.ഒ., തിരുവനന്തപുരം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 7 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 1 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 3 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 3 |
| 2000 – 01 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 7 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 9 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.7-807(1)/19; 12.6.19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.7-807(2)/19; 12.6.19 | 24 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.7-807(3)/19; 12.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.7-807(4)/19; 12.6.19 | 3 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2010-11 &2011-12/1528/22; 25.08.22 | 7 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2012-13/1528/22; 25.08.22 | 30 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2013-14 & 2014-15/1528/22; 25.08.22 | 13 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2015-16/1528/22; 25.08.22 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7-1727/17; 20.10.17 | 23 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7-1452/18; 05.12.18 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7-1147/22; 27.09.2022 | 14 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി7/1739/21; 24.09.22 | 8 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി7/1304/2022;29-07-2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി7/180/23 ; 05-04-2023 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 02-07-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thrikkovilvattom Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thrikkovilvattom Grama Panchayat for the year 2022-2023

**Date: 28/12/2023**

**Deputy Director**
**District Office Kollam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Thrikkovilvattom Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non production of investment and other share certificate for physical verification.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios.

2. Schedules of the following financial statements are not submitted :-

B1 Schedule.

3. Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4. Payment Voucher- Misclassification.

5. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

6. Demand register does not match with Financial statements

7. The following registers are not maintained/does not match with accounts/not reliable for audit :-

Stock register
Advance Received register (Liability)
Deposit register
Loan register
Advance/loan register (Asset)

Investment register

Loan register

8. Lapses in making timely and accurate demand entries in respect of tax and non tax revenue.
9. Unplaid bills of Development Fund (General), Development Fund (SCP) has not been omitted from Web Saankhya ACR.
10. Advance given to Ground Water Department for deposit work is not included in the AFS.
11. Liabilities are not included in balance sheet.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം –3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്